14-ാം കേരള നിയമ സഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 369 | 04-06-2018 -ൽ മറുപടിയ്ക്ക്

## പാലക്കാട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാലക്കാട്, മഞ്ചേരി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ 2018-19 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തടഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) പാലക്കാട് മെഡിക്കൽ കോളേജിൽ 2018-19 വർഷത്തെ എം.ബി.ബി.എസ് പ്രവേശനാനുമതി അദ്ധ്യാപക ജീവനക്കാരുടെ കുറവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ലഭ്യമാക്കിയിട്ടില്ല. എന്നാൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ 100 എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിബന്ധനകൾക്കു വിധേയമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) പാലക്കാട് മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം മെഡിക്കൽ കൗൺസിൽ തടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറവുകൾ പരിഹരിക്കാമെന്ന സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പിന്നീട് അനുമതി ലഭിച്ചുവോയെന്ന് വ്യക്തമാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുറവുകൾ പരിഹരിക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കുറവുകൾ പരിഹരിക്കുന്നതിലുണ്ടായ വീഴ്ച, ഈ വർഷത്തെ പ്രവേശനം തടയുവാൻ കാരണമായിട്ടുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് പ്രസ്തുത കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് അനുമതി തേടുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ? | (ഡി) അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**